"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ സർഗ്ഗോത്സവം, "അരങ്ങ് 2024" നടത്തിപ്പിലേക്കായി തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.987/2024/LSGD തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:- ബഹു. തൃക്കരിപ്പൂർ എം.എൽ.എ ശ്രീ.എം.രാജഗോപാലൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നൽകിയ 17.05.2024 തിയതിയായുള്ള നിവേദനം.

**ഉത്തരവ്**

2024 ജൂൺ 7, 8, 9 തിയതികളിൽ കാസർഗോഡ് ജില്ലയിൽ വച്ച് നടത്താൻ നിശ്ചയിച്ചിട്ടുള്ള കുടുംബശ്രീ സർഗ്ഗോത്സവം, "അരങ്ങ് 2024"-ന്റെ നടത്തിപ്പിലേക്കായി കാസർഗോഡ് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പരമാവധി 1,50,000/- രൂപ വരെയും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും പരമാവധി 2,00,000/- രൂപ വരെയും ജില്ലാ പഞ്ചായത്തിൽ നിന്നും പരമാവധി 5,00,000/- രൂപ വരെയും അനുവദിക്കുന്നതിനായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നതിന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. തൃക്കരിപ്പൂർ എം.എൽ.എ, ശ്രീ.എം.രാജഗോപാലൻ മേൽ പരാമർശ പ്രകാരം നിവേദനം നല്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ സർഗ്ഗോത്സവം, "അരങ്ങ് 2024"-ന്റെ നടത്തിപ്പിലേക്കായി കാസർഗോഡ് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പരമാവധി 60,000/- രൂപ വീതവും മുനിസിപ്പാലിറ്റികളിൽ നിന്നും പരമാവധി 1,50,000/- രൂപ വീതവും ജില്ലാ പഞ്ചായത്തിൽ നിന്നും പരമാവധി 2,00,000/- രൂപയും പ്രസ്തുത പരിപാടിക്ക് തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/130/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 07-06-2024 12:01:40

സെക്ഷൻ ഓഫീസർ